**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3521** **27-06-2024 - ൽ മറുപടിയ്ക്ക്**

**കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവും വിപണനവും.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനും കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾക്ക് ഫലപ്രദമായി ഇടപെടാൻ കഴിയുന്നില്ല എന്നത് വസ്തുതാപരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | **സംസ്ഥാനത്തെ കാർഷികോൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനവും വിപണനവും ശക്തിപ്പെടുത്തുന്നതിനായി കൃഷി വകുപ്പിന് കീഴിലുള്ള എസ്.എഫ്.എ.സി., ഹോർട്ടികോർപ്, വി.എഫ്.പി.സി.കെ., കേരള കാർഷിക സർവകലാശാല, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ, കേരഫെഡ്, കേരള സംസ്ഥാന നാളികേര വികസന കോർപറേഷൻ, വാഴക്കുളം അഗ്രോ ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി, തുടങ്ങിയ സ്ഥാപങ്ങൾ ആവശ്യമായ ഇടപെടലുകൾ നടത്തി വരുന്നുണ്ട്.**<br><br>**കൂടാതെ സംസ്ഥാനത്ത് ഊർജ്ജിതമായ കാർഷിക വിപണന സംവിധാനം ഒരുക്കുന്നതിനായി കേരള അഗ്രോ ബിസിനസ്സ് കമ്പനി (കാബ്കോ) രൂപീകരിച്ചിട്ടുണ്ട്.**<br><br>**കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, മൂല്യവർദ്ധനം, വിപണനം ഉൾപ്പടെയുള്ള കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനായി ഫാം പ്ലാൻ പദ്ധതി പ്രകാരം 2022-23, 2023-24 വർഷങ്ങളിലായി 100 എഫ്.പി.ഓ- കൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി എഫ്.പി.ഓ-കൾക്ക് 2023-24 വർഷത്തിൽ 251.06 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.**<br><br>**സംസ്ഥാനത്തെ കാർഷിക ഉത്പന്നങ്ങൾക്കും, അതിൽ നിന്നുണ്ടാകുന്ന മൂല്യ വർധിത ഉത്പന്നങ്ങൾക്കും ഒരു ഏകീകൃത ബ്രാൻഡ് നൽകുന്നതിനും, അത് വഴി കേരളത്തിലെ ഉൽപ്പന്നങ്ങൾക്ക് രാജ്യവ്യാപകമായി വിപണി കണ്ടെത്തുന്നതിനും, കൂടുതൽ ഉപഭോക്താക്കളിലേക്ക്** |

| | | | |
|---|---|---|---|
| | | | എത്തിക്കുന്നതിനും, ലക്ഷ്യമിട്ട് "കേരളഗ്രോ" എന്ന പേരിൽ ഒരു ട്രേഡ്മാർക് രജിസ്റ്റർ ചെയ്ത്, "കേരളഗ്രോ" ബ്രാൻഡിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഇത്തരത്തിൽ ബ്രാൻഡ് ചെയ്യപ്പെടുന്ന ഉൽപ്പന്നങ്ങൾ, നിലവിലുള്ള മാർക്കറ്റ് ശൃംഖല വഴിയും, പുതുതായി ആരംഭിക്കുന്ന കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ, ഫാം പ്ലാൻ റീറ്റെയ്ൽ ഔട്ട് ലെറ്റുകൾ വഴി നേരിട്ടും, താല്പര്യമുള്ള സംരംഭകർക്ക് ഓൺ ലൈൻ പ്ലാറ്റ്ഫോമിലൂടെയും ഉപഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.<br><br>മൂല്യ വർദ്ധനവ് വിപണന മേഖലകളിൽ കൂടുതൽ ഇടപെടലുകൾ നടത്തുന്നതിനായി കേരള അഗ്രി ബിസിനസ്സ് കമ്പനി (കാബ്കോ) രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നറിയിക്കുമോ; | (ബി) | സംസ്ഥാനത്തെ കാർഷികോൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനവും വിപണനവും ശക്തിപ്പെടുത്തുന്നതിനായി കൃഷി വകുപ്പിന് കീഴിലുള്ള എസ്.എഫ്.എ.സി., ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ., കേരള കാർഷിക സർവകലാശാല, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ, കേരഫെഡ്, കേരള സംസ്ഥാന നാളികേര വികസന കോർപറേഷൻ, വാഴക്കുളം അഗ്രോ ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി, തുടങ്ങിയ സ്ഥാപങ്ങൾ ആവശ്യമായ ഇടപെടലുകൾ നടത്തി വരുന്നുണ്ട്.<br><br>കൂടാതെ സംസ്ഥാനത്ത് ഊർജ്ജിതമായ കാർഷിക വിപണന സംവിധാനം ഒരുക്കുന്നതിനായി കേരള അഗ്രോ ബിസിനസ്സ് കമ്പനി (കാബ്കോ) രൂപീകരിച്ചിട്ടുണ്ട്.<br><br>കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, മൂല്യവർദ്ധനം, വിപണനം ഉൾപ്പടെയുള്ള കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനായി ഫാം പ്ലാൻ പദ്ധതി പ്രകാരം 2022-23, 2023-24 വർഷങ്ങളിലായി 100 എഫ്.പി.ഓ- കൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി എഫ്.പി.ഓ-കൾക്ക് 2023-24 വർഷത്തിൽ 251.06 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ കാർഷിക ഉത്പന്നങ്ങൾക്കും, അതിൽ നിന്നുണ്ടാകുന്ന മൂല്യ വർധിത ഉത്പന്നങ്ങൾക്കും ഒരു ഏകീകൃത ബ്രാൻഡ് നൽകുന്നതിനും, അത് വഴി കേരളത്തിലെ |

| | | | |
|---|---|---|---|
| | | | **ഉൽപ്പനങ്ങൾക്ക് രാജ്യവ്യാപകമായി വിപണി കണ്ടെത്തുന്നതിനും, കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനും, ലക്ഷ്യമിട്ട് "കേരളഗ്രോ" എന്ന പേരിൽ ഒരു ട്രേഡ്മാർക് രജിസ്റ്റർ ചെയ്ത്, "കേരളഗ്രോ" ബ്രാൻഡിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.**<br><br>**ഇത്തരത്തിൽ ബ്രാൻഡ് ചെയ്യപ്പെടുന്ന ഉൽപ്പന്നങ്ങൾ, നിലവിലുള്ള മാർക്കറ്റ് ശൃംഖല വഴിയും, പുതുതായി ആരംഭിക്കുന്ന കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ, ഫാം പ്ലാൻ റീറ്റെയ്ൽ ഔട്ട് ലെറ്റുകൾ വഴി നേരിട്ടും, താല്പര്യമുള്ള സംരംഭകർക്ക് ഓൺ ലൈൻ പ്ലാറ്റ്ഫോമിലൂടെയും ഉണഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.**<br><br>**മൂല്യ വർദ്ധനവ് വിപണന മേഖലകളിൽ കൂടുതൽ ഇടപെടലുകൾ നടത്തുന്നതിനായി കേരള അഗ്രി ബിസിനസ്സ് കമ്പനി (കാബ്കോ) രൂപീകരിച്ചിട്ടുണ്ട്.** |
| (സി) | സംസ്ഥാനത്ത് അഗ്രോ ബിസിനസ്സ് കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | **കേരള അഗ്രോബിസിനസ് കമ്പനി (കാബ്കോ) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ